കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നൽകിവരുന്നു.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് വേണ്ടിയുള്ള 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവ് വരുന്ന വ്യക്തി ബന്ധിത സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25% (പർമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.

കൂടാതെ കാർഷികോല്പന്നമൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് എസ്.എഫ്.എ.സി. വഴി സഹായം നൽകുന്നുണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് സംസ്കരണ-മൂല്യവർദ്ധിത പ്രവർത്തനങ്ങൾ സഹായകരമാകുന്നുണ്ട്.

(സി) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ ധനസഹായത്തോടെ തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിൽ കിഴങ്ങ് വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് പാക്ക് ചെയ്ത് വിപണന സജ്ജമാക്കുന്നതിനുള്ള ഒരു ഇൻക്യുബേഷൻ കേന്ദ്രം ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരഫെഡിനു കീഴിൽ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന രണ്ട് ഫാക്ടറികൾ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിലും കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം എന്നിവയിലൂടെ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശുചിത്വമിഷന്റെ പ്രവർത്തനം

22 (*142) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷൻ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണോ ശുചിത്വമിഷൻ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ പല കോർപ്പറേഷനുകളും നടപ്പാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുമായി ശുചിത്വ മിഷൻ സഹകരിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നത്തിന് ശുചിത്വ മിഷന്റെ പ്രവർത്തന ഫലമായി നാളിതുവരെ എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ശുചിത്വമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെപ്പറയുന്നവയാണ് :

1. സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതികൾ

   (a) നഗരപ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ.

   (b) ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ

   (c) ശാസ്താംകോട്ട തടാക പാരിസ്ഥിതിക പുനരുജ്ജീവനം

2. കേന്ദ്രാവിഷ്കൃത പദ്ധതികൾ

   (a) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

   (b) സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

   (c) കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (സാനിട്ടേഷൻ)

   (d) ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് ശുചിത്വമിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽതന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരിക്കുന്നുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനുകൾ സമർപ്പിക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതിയും സർക്കാർ സബ്സിഡി വിഹിതവും ശുചിത്വമിഷൻ നൽകിവരുന്നുണ്ട്.

(ഡി) പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന മേഖലയിൽ ഏറ്റെടുക്കുന്ന പൊതു/വികേന്ദ്രീകൃത/ഉറവിട മാലിന്യപരിപാലന പ്രോജക്ടുകൾക്ക് സാങ്കേതിക ഉപദേശം, പ്രോജക്ടുകളുടെ സാങ്കേതിക പരിശോധനയും അംഗീകാരവും എന്നിവ ശുചിത്വ മിഷൻ നൽകി വരുന്നുണ്ട്. പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടേയും ഉറവിട മാലിന്യ സംസ്കരണ പദ്ധതി കളുടേയും ഫലമായി സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

ബാല പീഡനം ഒഴിവാക്കാൻ ജാഗ്രതാ സമിതികൾ

23 (*143) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ബാല പീഡനം ഒഴിവാക്കുന്നതിന് പ്രസ്തുത സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതുസംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly